LIBRARY ARCHIVES Kerala Legislative Assembly

ഭൂമി ഏറ്റെടുക്കൽ നടപടികൾ

235 (984) ശ്രീ. ജോബ് മൈക്കിൾ :
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കിഫ്ബി പദ്ധതികളിൽ ഭൂമി ഏറ്റെടുക്കുന്നതിലുള്ള കാലതാമസംമൂലം പദ്ധതികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

കിഫ്ബി പദ്ധതികൾക്കുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ RFCTLARR Act 2013 പ്രകാരമാണ് നടന്നുവരുന്നത്. പ്രസ്തുത പദ്ധതികളെല്ലാം സമയബന്ധിതമായി കൈകാര്യം ചെയ്യുവരുന്നുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസംമൂലം പദ്ധതികൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം പദ്ധതികൾക്ക് വേണ്ടി പ്രത്യേക ലാൻഡ് അക്വിസിഷൻ സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതികൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി പ്രത്യേക ലാൻഡ് അക്വിസിഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 28-2-2019-ലെ സ.ഉ.(സാധാ)നമ്പർ 693/19/ആർ.ഡി പ്രകാരം 4 കിഫ്ബി യൂണിറ്റുകളും 7-5-2020-ലെ സ.ഉ.(സാധാ)നമ്പർ 1 716/20/ആർ.ഡി. പ്രകാരം 11 കിഫ്ബി യൂണിറ്റുകളുൾപ്പെടെ ആകെ 15 യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

(സി) ഇത്തരം പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ പ്രവർത്തന പുരോഗതി ആനുകാലികമായി അവലോകനം നടത്തി വരുന്നതും നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി വരുന്നതുമാണ്.

കൊതറത്തോട് പാലത്തിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി

236 (985) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ ചമ്പക്കുളം-നെടുമുടി വില്ലേജുകളെ ബന്ധിപ്പിക്കുന്ന കോതറത്തോട് പാലത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ കാലതാമസം ഒഴിവാക്കി ഭൂമി ഏറ്റെടുത്ത് പാലം നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ നെടുമുടി, ചമ്പക്കുളം എന്നീ വില്ലേജുകളിലായി കോതറത്തോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റടുക്കുന്നതിനായി അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം) ആലപ്പുഴ സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥനത്തിൽ 14-8-2020-ലെ സ.ഉ.(സാധാ) നമ്പർ 2611/2020/ റവന്യൂ ഉത്തരവുപ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിനായി ലാൻഡ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ എ) ആലപ്പുഴയ്ക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. തുടർന്ന് 1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)-ാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം 21-10-2020-ലെ ബി1-1425/2020 പ്രകാരം പുറപ്പെടുവിക്കുകയും 20-1-2021-ലെ 225-ാം നമ്പർ കേരള അസാധാരണ ഗസ്റ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 5 ശതമാനം കണ്ടിജൻസി ചാർജ്ജ് അർത്ഥനാധികാരി ലഭ്യമാക്കുന്നമുറയ്ക്ക് എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

(സി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട റവന്യൂ (ബി) വകുപ്പിന്റെ 14-8-2020-ലെ ജി.ഒ.(ആർടി.) നമ്പർ 2611/2020/ ആർ.ഡി. ഉത്തരവിൽ പിഴവുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്ത് പിഴവാണ് ഉണ്ടായിട്ടുള്ളത്, ഏതൊക്കെ തലങ്ങളിലാണ് പിഴവ് സംഭവിച്ചത്, ഇത് തിരുത്തി ഉത്തരവ് ഇറക്കാൻ വൈകുന്നതിന്റെ കാരണം എന്നിവ വ്യക്തമാക്കുമോ?

കോതറത്തോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥല മേറ്റെടുക്കുന്നതിന് അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനയിൽ ഏറ്റെടുക്കേണ്ട ഭൂമി ഏത് ബ്ലോക്കിൽ ഉൾപ്പെട്ടുവരുന്നു എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. പ്രസ്തുത വില്ലേജുകളിൽ ഒന്നിലധികം ബ്ലോക്കുകൾ ഉൾപ്പെട്ടുവരുന്നതിനാൽ ഏറ്റെടുക്കേണ്ട ഭൂമി ബന്ധപ്പെട്ട വില്ലേജുകളിൽ ഏത് സർവ്വേ ബ്ലോക്കിൽ ഉൾപ്പെട്ടുവരുന്നു എന്നത് വ്യക്തമാക്കി പുതുക്കിയ അർത്ഥനയും ഭരണാനുമതിയും സമർപ്പിക്കുന്നതിനായി ലാൻഡ് അക്വിസിഷൻ ഓഫീസർ അർത്ഥനാധികാരിക്ക് 20-1-2021, 22-04-2021 എന്നീ തീയതികളിൽ കത്ത് നൽകിയിട്ടുള്ളതുമാണ്. പുതുക്കിയ അർത്ഥന ജില്ലാ കളക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് 14-8-2020-ലെ സ.ഉ(സാധാ) നമ്പർ 2611/2020/റവന്യൂ പ്രകാരം പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവ് ഭേദഗതി ചെയ്ത് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട പോകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly